## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3448 22-08-2017 ൽ മറുപടിയ്ക്ക്

### എരുമേലി ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. പി. സി. ജോർജ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) | ശബരിമല മകര മണ്ഡല പൂജക്കാലത്ത് എരുമേലി ഫയർ സ്റ്റേഷൻ താല്ക്കാലികമായി പ്രവർത്തിയ്ക്കുന്ന ദേവസ്വം ബോർഡ് വക സ്ഥലം, സ്ഥിരം ഫയർ സ്റ്റേഷനായി വിട്ടു നൽകുവാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; | **(എ)&(ബി)**<br>ദേവസ്വംവക സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമായതിനാലും എരുമേലിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യവും കണക്കിലെടുത്ത് പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ ദേവസ്വം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | 2016-17-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ പുതിയ എരുമേലി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് നൽകുവാൻ ധനകാര്യ വകുപ്പിൽ കത്ത് നൽകിയ പ്രകാരം ഈ സ്ഥലം എത്രയും വേഗം ദേവസ്വം വകുപ്പിൽ നിന്നും വിട്ടു നൽകുവാൻ ബഹു. മുഖ്യമന്ത്രി ഇടപെട്ട് അനുകൂല നടപടി സ്വീകരിയ്ക്കുമോ; | |
| സി) | ഫയർ & റസ്ക്യൂ ഡയറക്ടർ ജനറൽ ഇതിലേയ്ക്കായി എന്തെങ്കിലും റിപ്പോർട്ട് / കത്ത് ദേവസ്വത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ കത്ത് നൽകിയിട്ടില്ല. കോട്ടയം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

16ാം നമ്പർ

-1-

"ഭരണഭാഷ-മാതൃഭാഷ"

അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ കാര്യാലയം
ഫയർ & റെസ്ക്യൂ സർവ്വീസസ്, കോട്ടയം - 686 001
Ph.Office :0481-2567444
Mobile:94979 20113
Email ID :adoktm.frs@kerala.gov.in

നം.സി-5536/16

തീയതി:12.01.2017

അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ
ഫയർ & റെസ്ക്യൂ സർവ്വീസസ്
കോട്ടയം

പ്രസിഡന്റ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്

സർ,

വിഷയം : ഫയർ & റെസ്ക്യൂ സർവ്വീസസ്, കോട്ടയം - എരുമേലിയിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ബഹു.ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരത്തിന്റെ 12.07.2016-ലെ കത്ത് നം.എഫ്1/5973/2016
2. ബഹു.ഡിവിഷണൽ ആഫീസർ ഫയർ & റെസ്ക്യൂ സർവ്വീസസ്, കോട്ടയത്തിന്റെ 09.01.2017-ലെ കത്ത് നം.സി1-3752/2011

************

പുതിയതായി ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി നിലവിലുള്ള മുൻഗണനാപട്ടികയിൽ ഒന്നാമതായി ഉൾക്കൊള്ളിച്ചിരിക്കുന്ന എരുമേലി ഫയർ & റെസ്ക്യൂ സ്റ്റേഷന് പ്രവർത്തനം ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് കാഞ്ഞിരപ്പള്ളി തഹസിൽദാർ, എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും തുടർ നടപടികൾ ആയിട്ടില്ല. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബഹു.വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന അവലോകനയോഗത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് ബോർഡ് അധികാരികൾ അറിയിച്ചിട്ടുണ്ട്. എരുമേലിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ തുടങ്ങുന്നതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

13/1/17

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ
ഫയർ & റെസ്ക്യൂ സർവ്വീസസ്
കോട്ടയം

സെക്ഷൻ ഓഫീസർ